പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5828 | 19.11.2019-ൽ മറുപടിക്ക് |
| --- | --- |

**വെണ്ടർ ഒഴിവ് നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| എ) | നിലവിൽ വെണ്ടർ മരണപ്പെടുകയോ ഏതെങ്കിലും സാഹചര്യത്തിൽ ഒഴിവാക്കപ്പെടുകയോ ചെയ്യുന്ന അവസരത്തിൽ വെണ്ടർ ഒഴിവ് നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | എ) | 1960-ലെ കേരള മുദ്രപത്ര നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 51 പ്രകാരം ലൈസൻസുള്ള ഒരു വെണ്ടർ, ഡിസ്കൗണ്ടോടുകൂടി മുദ്രകൾ വാങ്ങിയതിനു ശേഷം മരണപ്പെടുകയോ, അയാളുടെ ലൈസൻസ് അവസാനിക്കുകയോ, പിൻവലിക്കുകയോ ചെയ്താൽ ജില്ലാ ട്രഷറി ഓഫീസർക്ക് അയാളെയോ, അയാളുടെ അവകാശികളെയോ, തീറുകാരെയോ ബാക്കിയുള്ള സ്റ്റോക്ക് വിൽക്കുവാൻ പ്രാപ്തരാക്കത്തക്കവിധം ഒരു സ്പെഷ്യൽ ലൈസൻസ് ക്ലിപ്ത കാലത്തേയ്ക്ക് നൽകാവുന്നതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>1960-ലെ കേരള മുദ്രപ്പത്ര നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 35(22) പ്രകാരം സ്റ്റാമ്പ് വെണ്ടർ 65 വയസ്സിന് മുൻപ് മരണപ്പെട്ടാൽ മറ്റു നിയമാനുസൃത അനന്തരാവകാശികൾ/യഥാവിധി അധികാരപ്പെടുത്തിയ ഒരു നിയമാനുസൃത അനന്തരാവകാശി ഇവരിൽ ആരെങ്കിലും ഉണ്ടെങ്കിൽ അയാൾക്ക് യോഗ്യതകൾ ഉള്ള പക്ഷം, 3 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ അതിൻപ്രകാരം ജില്ലാ ട്രഷറി |

| | | | |
|---|---|---|---|
| | | | ഓഫീസർക്ക് പുതിയ വെണ്ടറെ നിയമിക്കാവുന്നതാണ്.<br>പെർമനന്റ് വെണ്ടർ 65 വയസ് കഴിഞ്ഞ് മരിച്ചാൽ, ആശ്രിത നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ മരിച്ച വെണ്ടറുടെ സ്റ്റോക്ക് തീരുന്നതുവരെ സ്റ്റാമ്പ് വിൽക്കുന്നതിന് അയാളുടെ അവകാശികളെയോ/തീറുകാരെയോ, ബാക്കി സ്റ്റോക്ക് വിൽക്കുവാൻ പ്രാപ്തരാക്കത്തക്ക വിധം ഒരു സ്പെഷ്യൽ ലൈസൻസ്, ഒരു ക്ലിപ്ത കാലഘട്ടത്തേയ്ക്ക് (ആറ് മാസമോ പുതിയ വെണ്ടർ നിയമിതനാകുന്നതുവരെയോ ഏതാണോ കുറവ്) നൽകാവുന്നതാണ്. |
| ബി) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ വെണ്ടർ ഒഴിവ് ഉണ്ടെന്ന് പറയാമോ; | ബി) | കോഴിക്കോട് ജില്ലയിൽ സ്റ്റാമ്പ് വെണ്ടർമാരുടെ 5 (അഞ്ച്) ഒഴിവുകളാണുള്ളത്.<br>1. കോഴിക്കോട് കോർപ്പറേഷൻ - 2<br>2. കടലുണ്ടി പഞ്ചായത്ത് - 1<br>3. ഉണ്ണികുളം പഞ്ചായത്ത് - 1<br>4. കൊടുവള്ളി മുനിസിപ്പാലിറ്റി - 1<br>ആകെ - 05 |
| സി) | ഒഴിവുകൾ നികത്തുന്നതിന് അപേക്ഷ സ്വീകരിക്കാൻ നടപടി സ്വീകരിക്കാമോ? | സി) | സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് നടപ്പിലാക്കുന്നതു കൊണ്ട് പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താത്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |

Sreenas

സെക്ഷൻ ഓഫീസർ